"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള അഗ്നിരക്ഷാസേവനം-സമാശ്വാസതൊഴിൽദാനപദ്ധതി-ഫയർ & റെസ്ക്യൂ ഓഫീസർ(ഡ്രൈവർ) തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ മരണമടഞ്ഞ പി.എൻ.രാധാകൃഷ്ണന്റെ മകൻ ശ്രീ.സൂരജ് രാധ്.പി.ആർ-ന് അഗ്നിരക്ഷാസേവനവകുപ്പിൽ ഫയർ & റസ്ക്യൂ ഓഫീസർ തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

ആഭ്യന്തര(എഫ്) വകുപ്പ്

സ.ഉ.(കൈ) നം.75/2025/HOME തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-

1. 24/05/1999 ലെ സ.ഉ(പി) നം.12/1999/ഉ.ഭ.വ.
2. ശ്രീ.സൂരജ് രാധ്.പി.ആർ-ന്റെ 05/01/2024 തീയതിയിലെ അപേക്ഷ.
3. അഗ്നിരക്ഷാസേവനവകുപ്പ് ഡയറക്ടർ ജനറലിന്റെ 15/07/2024, 18/02/2025 തീയതികളിലെ FIREHQ/1052/202-E3 നമ്പർ കത്തുകൾ.
4. ആലപ്പുഴ ജില്ലാ കളക്ടറുടെ 10/11/2024 ലെ DCALP/7307/2024-A7 നം കത്ത്.

<u>ഉത്തരവ്</u>

അഗ്നിരക്ഷാസേവനവകുപ്പിൽ ഗാന്ധിനഗർ അഗ്നിരക്ഷാനിലയത്തിൽ ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) തസ്തികയിൽ ജോലി ചെയ്തു വരവെ 04.08.2023 തീയതിയിൽ മരണമടഞ്ഞ പി.എൻ.രാധാകൃഷ്ണന്റെ മകൻ ശ്രീ.സൂരജ് രാധ്.പി.ആർ-ന് ഫയർ & റസ്ക്യൂ ഓഫീസർ തസ്തികയിലേക്ക് ആശ്രിതനിയമനത്തിനായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം അഗ്നിരക്ഷാസേവനവകുപ്പ് ഡയറക്ടർ ജനറൽ ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2) ഗാന്ധിനഗർ അഗ്നിരക്ഷാനിലയത്തിലെ ഫയർ & റെസ്ക്യൂ ഓഫീസർ(ഡ്രൈവർ) ആയിരുന്ന പി.എൻ.രാധാകൃഷ്ണൻ മരണപ്പെട്ടത് 04/08/2023-ൽ ആണ്. മരണപ്പെടുന്ന

സമയത്ത് വകുപ്പിൽ 23 വർഷവും 08 മാസവും 04 ദിവസവും സേവനം പൂർത്തിയാക്കിയിരുന്നു. അപേക്ഷകനായ ശ്രീ.സൂരജ് രാധ്.പി.ആർ-ന്റെ ജനനത്തീയതി 08/12/2001 ആണ്. ബിരുദദാരിയാണ് (BCA) ഇദ്ദേഹം. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 3,73,296/- (മൂന്ന് ലക്ഷത്തി എഴുപത്തിമൂവായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റാറ് രൂപ മാത്രം) ആണ്. പരേതനായ ജീവനക്കാരന്റെ മറ്റ് നിയമാനുസൃതആശ്രിതർ അപേക്ഷകന് സമാശ്വാസതൊഴിൽദാനപദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടെന്നും മറ്റ് ആശ്രിതർക്കാർക്കും ഈ പദ്ധതിയിൻ കീഴിൽ നിയമനം ലഭിച്ചിട്ടില്ലെന്നും പരാമർശം (4) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) ഫയർ & റസ്ക്യൂ ഓഫീസർ തസ്തികയിലേക്ക് ആശ്രിത നിയമനം നൽകുന്നതിനായി ശ്രീ.സൂരജ് രാധ്.പി.ആർ-ന്റെ ശാരീരികയോഗ്യത, ഫയർ & റസ്ക്യൂ സർവീസസ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പരിശോധിച്ച് ഫയർ & റസ്ക്യൂ ഓഫീസർ തസ്തികയിലേക്ക് യോഗ്യനാണെന്ന് അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ ശ്രീ.സൂരജ് രാധ്.പി.ആർ അഗ്നിരക്ഷാസേവനവകുപ്പിൽ ഫയർ & റസ്ക്യൂ ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് യോഗ്യതയുള്ള വ്യക്തിയാണെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ഇദ്ദേഹത്തിന്റെ 05/01/2024 തീയതിയിലെ അപേക്ഷ, കേരള അഗ്നിരക്ഷാസേവനവകുപ്പ് ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് എന്നിവ കണക്കിലെടുത്ത് കേരള അഗ്നിരക്ഷാസേവനവകുപ്പിൽ ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ മരണമടഞ്ഞ പി.എൻ.രാധാകൃഷ്ണന്റെ മകനായ ശ്രീ.സൂരജ് രാധ്.പി.ആർ-ന് ആശ്രിതനിയമനപദ്ധതിയുടെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ജനനത്തീയതി, വിദ്യാഭ്യാസയോഗ്യത, സ്വഭാവം, ശാരീരികക്ഷമത എന്നിവ തെളിയിക്കുന്ന രേഖകളുടെ പരിശോധനക്ക് വിധേയമായി അഗ്നിരക്ഷാ സേവന വകുപ്പിൽ ഫയർ & റസ്ക്യൂ ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5) ശ്രീ.സൂരജ് രാധ്.പി.ആർ-ന്റെ വിദ്യാഭ്യാസയോഗ്യത, ശാരീരികക്ഷമത എന്നിവ തെളിയിക്കുന്ന രേഖകൾ, ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച ശേഷം

നിയമനാധികാരി നിയമനഉത്തരവ് നൽകേണ്ടതാണ്. ബന്ധപ്പെട്ട രേഖകൾ, സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഏറ്റവും പുതിയ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കിയാൽ മാത്രമേ നിയമനാധികാരി അപേക്ഷകനെ ജോലിയിൽ നിയമിക്കാവൂ. സാധുവായ അപേക്ഷാ തീയതിയായ 05/01/2024 അടിസ്ഥാനമാക്കി അപേക്ഷകന്റെ നിയമനത്തിനായുള്ള സീനിയോരിറ്റി പരിഗണിക്കേണ്ടതാണ്. നിയമനം നൽകി ആറ് മാസത്തിനുള്ളിൽ അപേക്ഷകന്റെ വിദ്യാഭ്യാസയോഗ്യത വ്യക്തമാക്കുന്ന രേഖകളുടെ വിശ്വാസ്യത അതത് ബോർഡ്/ സർവ്വകലാശാലയിൽ നിന്നും നിയമനാധികാരി ഉറപ്പ് വരുത്തേണ്ടതാണ്.

6) ആശ്രിത നിയമനത്തിനുള്ള അപേക്ഷ അയയ്ക്കുന്ന സമയത്തോ നിയമനം ലഭിച്ച വകുപ്പിൽ നിന്നുള്ള അന്വേഷണസമയത്തോ അപേക്ഷകനെ സംബന്ധിക്കുന്ന ഏതെങ്കിലും വിവരങ്ങൾ തെറ്റായി നൽകിയതായോ മറച്ചുവെച്ചതായോ സർക്കാരിന് ബോധ്യമാകുന്ന പക്ഷം, ആശ്രിതനിയമനപദ്ധതി പ്രകാരം നൽകിയിട്ടുള്ള നിയമനം റദ്ദ് ചെയ്യുന്നതാണ്.

7) കേരള അഗ്നിരക്ഷാസേവനവകുപ്പ് ഡയറക്ടർ ജനറൽ, മരണപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിൽ നിയമനഉത്തരവ് സംബന്ധിച്ച ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ.സൂരജ് രാധ്.പി.ആർ, പൂച്ചനാട്ട് ഹൗസ്, എരമല്ലൂർ, ഏരമല്ലൂർ.പി.ഒ,ആലപ്പുഴ-688 537. (By Registered Post with Acknowledgement due)

ഡയറക്ടർ ജനറൽ, ഫയർ & റസ്ക്യൂ സർവീസസ്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, ആലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വകുപ്പ്, ഐ &പി.ആർ.ഡി.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shabeer S
Date: 09-04-2025 14:45:37

സെക്ഷൻ ഓഫീസർ